# പോലീസ് വകുപ്പ്

## കേരളം


**No.H1-62288/2022/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031

തീയതി.20-11-2023

**DO No. 684/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി:- ശ്രീ.ജിൻസിൽ.സി.എസ് (PEN 423649), സിവിൽ പോലീസ് ഓഫീസർ D 9559 എന്നവർക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-13/2022/DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) 22/11/2022 തിയ്യതിയിലെ H1/62288/2022/DR നമ്പർ ഉത്തരവ്
2) പോലീസ് ഇൻസ്പെക്ടർ, കൊടുവള്ളി പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 20/06/2023 തിയ്യതിയിലെ H1/62288/2022/DR നമ്പർ നോട്ടീസ് (പി.ആർ മിനുറ്റ്സ് സഹിതം)
4) ശ്രീ.ജിൻസിൽ.സി.എസ് 03/07/2023 തിയ്യതി ഹാജരാക്കിയ മറുപടി
5) 01/09/2023 തിയ്യതിയിലെ H1/62288/2022/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീ.ജിൻസിൽ.സി.എസ് കാരണം കാണിക്കൽ നോട്ടീസിന് ഹാജരാക്കിയ മറുപടി

**ശ്രീ.ജിൻസിൽ.സി.എസ് (PEN 423649), സിവിൽ പോലീസ് ഓഫീസർ D 9559** എന്നവർ തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ 19/09/2022 തിയ്യതി രാത്രി 19.15 മണിയ്ക്ക് തിരുവമ്പാടി പോലീസ് സ്റ്റേഷൻ പരിധിയിലെ പൊന്നാങ്കയം എന്ന സ്ഥലത്ത് അനധികൃത മണ്ണ് ഖനനം ചെയ്തു കടത്തുന്നു എന്ന വിവരം തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പാർട്ടി സംഭവ സ്ഥലത്ത് എത്തുമ്പോഴേക്കും മണ്ണ് ഖനനം ചെയ്തു കൊണ്ടു പോകാൻ കൊണ്ടു വന്ന ജെ.സി.ബിയും, ലോറികളും സ്ഥലത്തു നിന്നും മാറ്റിയിട്ടുള്ളതും, ജിൻസിലിന്റെ ഫോണിലേക്ക് ടിപ്പർ ലോറി ഡ്രൈവറും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന വ്യക്തിയുമായ മുസ്തഫ എന്നയാൾ വിളിച്ചിട്ടുള്ളതായി വ്യക്തമായിട്ടുള്ളതും, ടി കാര്യത്തിൽ ടിയാന്റെ ഇടപെടലുകൾ സംശയാസ്പദമാണെന്നും ബോധ്യമായതിനാൽ സൂചന ഒന്ന് പ്രകാരം ഇൻസ്പെക്ടർ എസ്.എച്ച്.ഒ, കൊടുവള്ളി പി.എസ്സിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി കൊണ്ട് ടിയാനെതിരെ വാക്കാലന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ പകർപ്പ് ടിയാന് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നല്കിയിട്ടുള്ളതുമാണ്.

ശ്രീ.ജിൻസിൽ എന്നവർ ടിപ്പർ ലോറി ഡ്രൈവറും, അനധികൃത മണ്ണ് ഖനന പ്രവർത്തികളിൽ ഏർപ്പെടുന്ന വ്യക്തിയുമായ മുസ്തഫ എന്നയാളുടെ ഫോൺ നമ്പറിലേക്ക് നിരന്തരം സമ്പർക്കമുള്ളതായി ഫോൺ രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ വ്യക്തമാവുകയും, പ്രസ്തുത വ്യക്തിയുമായുള്ള ബന്ധത്തിനെതിരെ സൂചന 4 പ്രകാരം ടിയാൻ നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും, അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് വിയോജിച്ച് കൊണ്ട് ടിയാന്റെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും, ടിയാന് സൂചന 5 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സൂചന 6 പ്രകാരം ടിയാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ചുവെങ്കിലും ആയത് തൃപ്തികരമല്ല.

എന്നിരുന്നാലും ഇത്തവണ ടിയാനോട് മൃദു സമീപനം സ്വീകരിച്ച് കൊണ്ട് ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞു വെക്കുവാൻ എന്ന എന്റെ താൽക്കാലിക തീരുമാനത്തിൽ മാറ്റം വരുത്തി, ശിക്ഷയായി **ശ്രീ.ജിൻസിൽ.സി.എസ് (PEN 423649), സിവിൽ പോലീസ് ഓഫീസർ D 9559 എന്നവരുടെ അടുത്ത വാർഷിക വേതന വർദ്ധനവ് അടുത്ത ഒരു വർഷത്തേക്ക് സഞ്ചിത ഫലമില്ലാതെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനകം ടിയാന് ബഹു.കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

20-11-2023
ഡോ അരവിന്ദ് സുകുമാർ ഐ പി എസ്,

H1-62288/2022/DR
8d0d52

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.ജിൻസിൽ.സി.എസ് (PEN 423649), സിവിൽ പോലീസ് ഓഫീസർ D 9559 എന്നവർക്ക് എസ്.എച്ച്.ഓ താമരശ്ശേരി പി.എസ് മുഖാന്തിരം

പകർപ്പ് : 1) എസ്.എച്ച്.ഓ താമരശ്ശേരി പി.എസ് (3 പകർപ്പുകൾ )-നടത്തിപ്പിനും , തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും
2) അഡീഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി
3) എ1 മുതൽ എ5 B, ബി1, ബി2,ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
4) ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ

Internal Administrative Processing System
iAPS
KERALA POLICE